# പതിമൂന്നാം കേരള നിയമസഭ
## (പത്താം സമ്മേളനം)

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 478 06/02/2014-ൽ മറുപടിയ്ക്ക്

**മത്സ്യസമ്പത്തിന്റെ കുറവ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ:<br>ശ്രീമതി. ഗീതാ ഗോപി:<br>ശ്രീ. കെ. അജിത്:<br>ശ്രീ. ജി. എസ്. ജയലാൽ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| മത്സ്യസമ്പത്ത് കുറയാനുണ്ടായ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ? | ഉൾനാടൻ മത്സ്യങ്ങളുടെ ലഭ്യത കുറയാനുണ്ടായ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ട്. കേരളത്തിലെ നദികളിലെയും, ജല സംഭരണികളിലെയും ലഭ്യമായ മത്സ്യങ്ങളെ സംബന്ധിച്ച വിവരശേഖരണം നടത്തി ഫിർമ ക്രോഡീകരിച്ചിട്ടുണ്ട്. ഇതിൻപ്രകാരം പത്ത് തരം മത്സ്യങ്ങൾ Critically endangered വിഭാഗത്തിലും 25 തരം മത്സ്യങ്ങൾ endangered വിഭാഗത്തിലും 18 തരം മത്സ്യങ്ങൾ Vulnerable വിഭാഗത്തിലും ആണെന്ന് കണ്ടെത്തിയിട്ടുണ്ട്. ജലാശയങ്ങളുടെ നാശം, ആവാസ വ്യവസ്ഥയിലെ മാറ്റം, കാലാവസ്ഥ വ്യതിയാനം, മണൽ വാരൽ, നദികളുടെ കുറുകെയുള്ള ഡാമുകളുടെ നിർമ്മാണം, അനിയന്ത്രിതമായ മത്സ്യബന്ധനം, അശാസ്ത്രീയ മത്സ്യബന്ധന മുറകൾ, കണ്ടൽ കാടുകളുടെ നശീകരണം, ജല മലിനീകരണം, വിദേശ മത്സ്യങ്ങളുടെ കടന്നു കയറ്റം, മത്സ്യ രോഗങ്ങൾ തുടങ്ങിയവ ഉൾനാടൻ മത്സ്യ വിഭവ ശോഷണത്തിന് ഹേതുവാകുന്നതായി വിവിധ പഠനങ്ങൾ കാണിക്കുന്നു. |

സെക്ഷൻ ആഫീസർ